**കേരള സർക്കാർ**

സംഗ്രഹം

കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെയും ഹോസ്റ്റൽ വാർഡൻമാരുടെയും പേരിൽ ദേശസാൽകൃത ബാങ്കിൽ രണ്ട് വ്യത്യസ്ത ജോയിന്റ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്കീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം.**6070/2017/ധന.** തിരുവനന്തപുരം, തീയതി **01.08.2017**

പരാമർശം - മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 06.107.2017 ലെ A1/19201/2017/DME നമ്പരായുള്ള കത്ത്.

**ഉത്തരവ്**

2017-18 അദ്ധ്യയന വർഷത്തിലേക്കുള്ള അലോട്ട്മെന്റ് പ്രകാരം ഹോസ്റ്റലിലേക്ക് പ്രവേശനം ലഭിക്കുന്ന എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കായും, ഹോസ്റ്റലിന്റെ നടത്തിപ്പിലേക്കായും പണവിനിയോഗം കൈകാര്യം ചെയ്യുന്നതിലേക്കായി കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെയും ഹോസ്റ്റൽ വാർഡൻമാരുടെയും പേരിൽ ദേശസാൽകൃത ബാങ്കിൽ രണ്ട് വ്യത്യസ്ത ജോയിന്റ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നല്കണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശക്കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കുവേണ്ടി കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പലിന്റെയും ലേഡീസ് ഹോസ്റ്റൽ വാർഡന്റേയും പേരിലും പ്രിൻസിപ്പലിന്റെയും മെൻസ് ഹോസ്റ്റൽ വാർഡന്റേയും പേരിലും ദേശസാൽകൃത ബാങ്കിൽ രണ്ട് വ്യത്യസ്ത ജോയിന്റ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം-11

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ